**No. R1-17658/2025/Cyb**
Cyber Police Headquarters,
Thiruvananthapuram
Pattom
Pincode:695004
✉adgpcyberops.pol@kerala.gov.in
📞04712726522
Dated. 28-04-2026

## പുനർലേലം

പട്ടം, സൈബർ പോലീസ് ആസ്ഥാനത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന, ചുവടെ കൊടുത്തിരിക്കുന്ന, **5000/- ( അയ്യായിരം )** രൂപ മതിപ്പുവില നിശ്ചയിച്ചിട്ടുള്ള മരങ്ങൾ **5/05/2026** തീയതി രാവിലെ **11** മണിക്ക് പരസ്യമായി പുനർലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഒപ്പം സമീപത്ത് തൽസ്ഥിതിയിലുള്ള മരുതി, പ്ലാവ്, മാവ് എന്നിവയുടെ ശാഖകൾ മുറിച്ചുമാറ്റേണ്ടതും ആകുന്നു.

| ക്രമ നമ്പർ | മരങ്ങളുടെ ഇനം | എണ്ണം |
|---|---|---|
| **1** | വേങ്ങ | **1** |
| **2** | ആഞ്ഞിലി | **1** |
| **3** | മരുതി | **1** |
| **4** | പൈൻ വർഗം | **1** |

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പുനർലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് നിരതദ്രവ്യമായ **500/-** രൂപ കെട്ടിവച്ച് ലേല സ്ഥലത്ത് ഹാജരാകേണ്ടതാണ്.

ലേലം ഉറപ്പിച്ചുകിട്ടുന്നവർ തുകയുടെ പകുതി ഉടനെ അടക്കേണ്ടതും ബാക്കി തുകയും ലേല തുകയുടെ **5%** വന വികസന നികുതിയും അപ്രകാരമുള്ള ആകെ തുകയുടെ **18% GST** യും ഉൾപ്പെടെ ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ അടക്കേണ്ടതാണ്. വന വികസന നികുതിയായ തുക **0406-01-101-96-00-FDT** എന്ന ശീർഷകത്തിൽ കോഡ് **0101-250-020** ആയി ചെലാൻ സർക്കാർ ഖജനാവിൽ ഒടുക്കി ഒർജിനൽ രസീത് ഹാജരാക്കേണ്ടതാണ്. ടി രസീത് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽഫോറെസ്ട്രി ഡിവിഷൻ തിരുവനന്തപുരം ഓഫീസിലേക്ക് അയച്ചുനല്കുന്നതാണ്.

ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള അറിയിപ്പ് ലഭിച്ചാലുടൻ ലേലം കൊണ്ടയാൾ **10** ദിവസത്തിനുള്ളിൽ സ്വന്തം ചെലവിൽ മുറിച്ചുമാറ്റേണ്ടതും മറ്റ് മരങ്ങൾക്കും കെട്ടിടങ്ങൾക്കും കേടുപാടുകൾ സംഭവിക്കാതെ സംരക്ഷിക്കേണ്ടതും അങ്ങനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടം ലേലം പിടിച്ച വ്യക്തിയിൽനിന്നും ഈടാക്കുന്നതുമായിരിക്കും

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം

**സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതയിരിക്കും. മുൻ തുകയെക്കാൾ കൂടുതൽ ലഭിച്ചാൽ ആയതിന്മേൽ ടിയാന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. ലേലം നിശ്ചയിച്ചിരിക്കുന്ന മരങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ 4 മണിവരെ Tele & Tech , SI HQ വിൻറെ മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ലേലം സംബന്ധിച്ച് SP , Tele & Tech എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. യാതൊരു മുന്നറിയിപ്പും കൂടാതെ ലേല നടപടികൾ റദ്ദാക്കാനും അസ്ഥിരപ്പെടുത്താനുമുള്ള അധികാരം SP , Tele & Tech ൽ നിക്ഷിപ്തമാണ്.**

UMESH GOYAL IPS
Superintendent of Police
For Inspector General of Police (Cyber Operations)

To : എല്ലാ ജില്ല പോലീസ് മേധാവികൾക്കും എല്ലാ ബറ്റാലിയൻ കമാൻഡണ്ട്മാർക്കും അറിവിലേക്കായി. ഡി.വൈ എസ്.പി ( സി & ടി ) / ഐ.പി സ്റ്റോർ / എസ്.ഐ എച്ച് ക്യൂ. JS II

Copy To : സൈബർ സെക്യൂരിറ്റി വിഭാഗത്തിലേക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്.